LIBRARY ARCHIVES Kerala Legislative Assembly

വധശ്രമ കേസ്സുകൾ

282 (259) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ആറു മാസത്തിനിടെ കൊയിലാണ്ടി, പേരാമ്പ്ര, പയ്യോളി, മേപ്പയ്യൂർ എന്നീ പോലീസ് സ്റ്റേഷനുളിൽ എത്ര വധശ്രമ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഓരോ കേസിലേയും പരാതിക്കാരും പ്രതികളും ആരൊക്കെയാണെന്നും, ഓരോ കേസിന്റെയും അന്വേഷണ ഉദ്യോഗസ്ഥൻ ആരായിരുന്നു എന്നും വിശദമാക്കുമോ;

(സി) ഇതിൽ എത്ര കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചു എന്നും എത്ര പേരെ അറസ്റ്റു ചെയ്തു എന്നും വ്യക്തമാക്കുമോ;

(ഡി) നിസ്സാരമായ വാക്കു തർക്കങ്ങൾ നടന്ന കാര്യത്തിൽ പോലും രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിനു കേസെടുത്തു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പ്രത്യേക അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ ആറുമാസത്തിനിടെ കൊയിലാണ്ടി പോലീസ് സ്റ്റേഷനിൽ രണ്ടും പേരാമ്പ്ര, പയ്യോളി, മേപ്പയൂർ എന്നീ പോലീസ് സ്റ്റേഷനുകളിൽ ഓരോന്നും വീതം വധശ്രമകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി&സി) ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം അനുബന്ധമായി* കൊടുത്തിരിക്കുന്നു.

(ഡി) രാഷ്ട്രീയ പക്ഷപാതത്തോടെ വധശ്രമത്തിന് കേസ്സെടുത്തുവെന്ന പരാതി കഴിഞ്ഞ 6 മാസക്കാലയളവിൽ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ട പോലീസ് റെയ്ഡ്

283 (260) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയയുമായി ബന്ധപ്പെട്ടവരിൽ പോലീസ് റെയ്ഡുകളിലൂടെ അറസ്റ്റ് ചെയ്യപ്പെട്ടവർ എത്ര; അറസ്റ്റ് ചെയ്തവരിൽ എത്രപേരെ റിമാന്റ് ചെയ്യുകയുണ്ടായി; എത്ര ആളുകളുടെ പേരിൽ കോടതികളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; ശിക്ഷിക്കപ്പെട്ടവർ എത്ര;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.